# തെങ്ങ് സംരക്ഷിക്കാൻ ചങ്ങാതിക്കൂട്ടം പത്തനംതിട്ടയിലേക്കും

എസ്എൽപുരം: കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിൽ പരിശീലനം നേടിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പത്തനംതിട്ടയിൽ. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന തെങ്ങുകൃഷി സംരക്ഷണപദ്ധതിയിൽ തെങ്ങിൽ കയറി കൂമ്പുതെളിക്കാനും ചെല്ലിയെ പുറത്തെടുക്കാനും മരുന്ന് തളിക്കാനുമാണ് 16 യുവാക്കൾ കഞ്ഞിക്കുഴിയിൽ നിന്നും പുറപ്പെട്ടത്.

തെങ്ങിലെ വിളവെടുപ്പിനും സംരക്ഷണത്തിനും 35 രൂപ നിരക്കിലാണ് കൂലി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി നിർവഹണ ഏജൻസിയായ റയ്ഡ്കോയുടെ ക്ഷണപ്രകാരമാണ് കഞ്ഞിക്കുഴി നാളികേര ഉൽപാദക ഫെഡറേഷൻ ജോയിന്റ് സമിതി ചെയർമാൻ അഡ്വ. ഡി പ്രിയേഷ്കുമാർ, ഡയറക്ടർ ടി എസ് വിശ്വൻ എന്നിവർ ചേർന്ന് 20 പേരെ ആദ്യഘട്ടമായി തെരഞ്ഞെടുത്തയച്ചത്.

നാളികേര വികസനബോർഡിന്റെ സഹായത്തോടെ യന്ത്രമുപയോഗിച്ച് തെങ്ങിൽ കയറാനുള്ള പരിശീലനം നേടിയവരാണ് ഈ തൊഴിലാളിസംഘത്തിലുള്ളത്. ആവശ്യമെന്ന് കണ്ടാൽ കൂടുതൽ പേരെ കഞ്ഞിക്കുഴി പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അങ്ങോട്ടയക്കും.